# 11

# പൗലൊസിന്റെ ലാഭ-നഷ്ട പ്രസ്താവന

## (3:4-10)

പല കച്ചവടസ്ഥാപനങ്ങളും സമയാസമയങ്ങളിൽ ലാഭ–നഷ്ട പ്രസ്താവനകൾ പ്രസിദ്ധീകരിക്കും: കമ്പനി പണം ഉണ്ടാക്കിയോ എന്നറിയുവാനാണ് ലാഭനഷ്ട കണക്കുകൾ പരിശോധിക്കുന്നത്. പ്രധാനപ്പെട്ടവയും അല്ലാത്തവയും തമ്മിൽ വേർതിരിക്കുവാൻ യെഹൂദ റബ്ബിമാർ ഇത്തരം പദപ്രയോഗങ്ങൾ നടത്തിയിരുന്നു. അതേ വാക്കാണ് യേശു മത്തായി 16:26–ൽ ഉപയോഗിച്ചത്: "ഒരു മനുഷ്യൻ സർവ്വലോകവും നേടീട്ടും തന്റെ ജീവനെ നഷ്ടപ്പെടുത്തിയാൽ അവന്നു എന്തു പ്രയോജനം?"

ഫിലിപ്പിയർ 3:4–10 ൽ, തനിക്ക് കാര്യമായതും അല്ലാത്തതും എന്തെന്ന് പൗലൊസ് ഫിലിപ്പിയ വായനക്കാരോട് പറഞ്ഞു. "എനിക്ക് എന്താണ് പ്രധാനപ്പെട്ടത്?" എന്നു നാം ഓരോരുത്തരും നമ്മോടു തന്നെ ചോദിക്കണം.

അദ്ധ്യായം 3 ന്റെ ആദ്യഭാഗത്ത്, യെഹൂദ ക്രിസ്ത്യാനികളെ സംബന്ധിച്ച് എന്താണ് വിലയുള്ളത് എന്ന് പൗലൊസ് വ്യക്തമാക്കി, യെഹൂദ ക്രിസ്ത്യാനികൾ ജാതികളിൽനിന്നു ക്രിസ്ത്യാനികളായവരെ പരിച്ഛേദന കഴിപ്പിക്കുവാനും മോശെയുടെ ന്യായപ്രമാണങ്ങളെ ആചരിക്കുവാൻ കൽപിക്കുകയും ചെയ്ത പശ്ചാത്തലമായിരുന്നു. പൗലൊസ് അവരെ "നായ്ക്കൾ," "ആകാത്ത വേലക്കാർ," "വ്യാജ പരിച്ഛേദനക്കാർ" എന്നെല്ലാമാണ് വിളിച്ചത് (3:2). അതിനെകുറിച്ച് പൗലൊസിന് എന്ത് അറിയാമായിരുന്നു? താൻ പറയുവാൻ പോകുന്നത് അവൻ അറിഞ്ഞതിന്റെ തെളിവ് താഴെയുള്ള ഭാഗത്ത് നൽകുകയാണ്–കാരണം, ഒരിക്കൽ, അവൻ മോശെയുടെ പ്രമാണങ്ങളെ കർശനമായി അനുസരിച്ചിരുന്ന യെഹൂദനായിരുന്നു.

### ഒരാളുടെ ആത്മിക പൈതൃകത്തെയും നേട്ടങ്ങളെയും ആശ്രയിക്കുന്നത്=നഷ്ടം (3:4-7)

**4പക്ഷെ എനിക്ക് ജഡത്തിലും ആശ്രയിപ്പാൻ വകയുണ്ട്. മറ്റാർക്കാനും ജഡത്തിൽ ആശ്രയിക്കാമെന്ന് തോന്നിയാൽ എനിക്ക് അധികം; 5എട്ടാം നാളിൽ പരിച്ഛേദന ഏറ്റവൻ, യിസ്രായേൽ ജാതിക്കാരൻ; ബെന്യാമീൻ ഗോത്രക്കാരൻ; എബ്രായരിൽനിന്നു ജനിച്ച എബ്രായൻ; ന്യായപ്രമാണം സംബന്ധിച്ച് പരീശൻ; 6ശുഷ്ക്കാന്തി സംബന്ധിച്ച് സഭയെ ഉപദ്രവിച്ചവൻ; ന്യായപ്രമാണത്തിലെ നീതി സംബന്ധിച്ച് അനിന്ദ്യൻ;**

**7എങ്കിലും എനിക്ക് ലാഭമായിരുന്നത് ഒക്കെയും ക്രിസ്തു നിമിത്തം ചേതം എന്നു എണ്ണിയിരിക്കുന്നു.**

**വാക്യം 4.** "ജഡത്തിൽ ആശ്രയിക്കാതിരിക്കുന്നവരാണ് [ക്രിസ്ത്യാനികൾ] ... വാസ്തവത്തിലുള്ള പരിച്ഛേദനക്കാർ" എന്നാണ് പൗലൊസ് പറഞ്ഞത് (3:3); [യെഹൂദ ഉപദേഷ്ടാക്കന്മാർ ചെയ്തതുപോലെ] **മറ്റാർക്കാനും ജഡത്തിൽ ആശ്രയിക്കാമെങ്കിൽ എനിക്ക് എത്ര അധികം** എന്നാണ് അപ്പൊസ്തലൻ വ്യക്തമാക്കിയത്. ന്യായപ്രമാണം ഇപ്പോഴും അനിവാര്യമാണെന്ന് പഠിപ്പിക്കുന്നവരെയും പൗലൊസിനേയും താരതമ്യം ചെയ്യുകയായിരുന്നു അവൻ. താഴെ കൊടുത്തിരിക്കുന്ന വാക്യത്തെ ഇഷ്ടദാനമായി ലഭിച്ച "പുരാതനത്വത്തെ വ്യക്തിപരമായി ഏറ്റു പറയുന്നതായി കണക്കാക്കിയിരിക്കുന്നു."[1]

**വാക്യം 5.** ഒരു യെഹൂദനായിരുന്ന തന്റെ ജീവിതത്തെയായിരുന്നു പൗലൊസ് ആദ്യം എടുത്തു പറഞ്ഞത്. തന്റെ "കൈവിരലിൽ എണ്ണി ഓരോന്നായി സംക്ഷിപ്തമായി പറയുകയായിരുന്നു."[2] അവൻ വിശദമാക്കുവാൻ തുടങ്ങിയത് ഇങ്ങനെയാണ്: **എട്ടാം നാളിൽ പരിച്ഛേദന ഏറ്റവൻ**. ഫലത്തിൽ, അവൻ പറഞ്ഞു, "നിങ്ങൾ പരിച്ഛേദനയെ കുറിച്ചാണോ സംസാരിക്കുന്നത്? മോശെയുടെ ന്യായപ്രമാണം അനുസരിച്ച് ഞാൻ പരിച്ഛേദന ഏറ്റവനായിരുന്നു."

ദൈവവും അബ്രഹാമിന്റെ സന്തതികളുമായി ഉണ്ടാക്കിയ ഒരു ഉടമ്പടിയുടെ അടയാളമായിരുന്നു പരിച്ഛേദന. യെഹൂദരായ ആൺകുട്ടികളെ എട്ടാം നാളിൽ പരിച്ഛേദന കഴിക്കണം എന്നാണ് ന്യായപ്രമാണം പറയുന്നത് (ഉല്. 17:12; ലേവ്യ. 12:3; ലൂക്കൊ. 1:59; 2:21 നോക്കുക). താൻ ഒരു യെഹൂദനായിട്ടായിരുന്നു *ജനിച്ചത്* എന്നാണ് പൗലൊസ് പിന്നെ പറഞ്ഞത്. ജീവിതത്തിൽ പിന്നീട് പരിച്ഛേദന ഏൽക്കുന്ന യെഹൂദ മതാനുസാരിയായിരുന്നില്ല അവൻ.

താൻ **യിസ്രായേൽ ജാതിക്കാരനായിരുന്നു** എന്നാണ് അവൻ പറഞ്ഞത്. "യിസ്രായേൽ" എന്ന പേർ യാക്കൊബ് രാത്രി മുഴുവൻ ദൂതനോട് മല്ലിട്ട ശേഷം ലഭിച്ചതായിരുന്നു (ഉല്. 32:28). അത് യെഹൂദന്മാരുടെ ഒരു വിശുദ്ധ പദവിയായി തീർന്നു, ദൈവത്തോടുള്ള അവരുടെ പ്രത്യേക ബന്ധത്തെയാണ് സൂചിപ്പിക്കുന്നത്. യെഹൂദ വർഗത്തിലായിരുന്നതിന്റെ അഭിമാനത്തെയും പൗലൊസ് പ്രകടമാക്കി.

താൻ യിസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങളിൽ ഏതിൽ പെട്ടവനാണെന്നും പൗലൊസിനു അറിയാമായിരുന്നു. പൗലൊസിന്റെ കാലത്ത് മിക്ക യെഹൂദന്മാർക്കും അവരുടെ ഗോത്രം തന്നെ നിശ്ചയമില്ലാതിരുന്നിട്ടും, പൗലൊസിനു തന്റെ ഗോത്രം ബെന്യാമിൻ ആണെന്ന് അറിയാമായിരുന്നു. ബെന്യാമിൻ ഗോത്രം വലിയ ഗോത്രമായിരുന്നില്ല (സങ്കീ. 68:27; എൻഐവിയിൽ "ബെന്യാമിൻ എന്ന ചെറിയ ഗോത്രം" എന്നാണ്), എന്നാൽ യെഹൂദ ചരിത്രത്തിൽ അത് അറിയപ്പെട്ടിരുന്നു, യിസ്രായേലിന്റെ ആദ്യ രാജാവ് ബെന്യാമിൻ ഗോത്രക്കാരനായിരുന്നു (1 ശമു. 9:1; 2, 21; 10:1; 20–25). യിസ്രായേൽ രാജ്യം വിഭജിച്ചപ്പോൾ ഈ ഗോത്രം ദാവീദ് ഗൃഹത്തോട് ചേർന്നിരുന്നു (1 രാജാ. 12:21).[3]

താൻ **എബ്രായരിൽനിന്നുള്ള എബ്രായനാണെന്ന്** പറഞ്ഞു പൗലൊസ് തന്റെ വിവരണം ചുരുക്കി. ആ പദപ്രയോഗത്തിൽ പൗലൊസിനെ കുറിച്ച് പലതും ഉൾപ്പെടുത്തിയിരിക്കുന്നു. എബ്രായ മാതാപിതാക്കളിൽനിന്നാണ് അവൻ ജനിച്ചതെന്നു അവൻ സൂചിപ്പിക്കുന്നു–എന്നാൽ അതിലധികവും അതിൽ അന്തർലീനമാക്കിയിരിക്കുന്നു. കൂടാതെ അവന്റെ വീട്ടിൽ സംസാരിച്ചിരുന്നത് എബ്രായ ഭാഷയായിരുന്നു എന്നും വ്യക്തമാക്കുന്നു. തിരുവെ

ഴുത്തിൽ പലപ്പോഴും "എബ്രായ" എന്നു പറഞ്ഞിരിക്കുന്നത് യെഹൂദന്മാർ സംസാരിച്ചിരുന്ന പുരാതന ഭാഷയെയാണ് സൂചിപ്പിക്കുന്നത് (യോഹ. 19:13, 17, 20). പൗലൊസ് എബ്രായ ഭാഷ പഠിച്ചതിനാൽ അത് സംസാരിക്കുവാൻ കഴിഞ്ഞിരുന്നു (പ്രവൃ. 21:40; 22:2 നോക്കുക. "പൗലൊസിന്റെ കാലത്ത് എബ്രായ ഭാഷയിൽനിന്ന് ഉരുത്തിരിഞ്ഞു വന്ന അരാമ്യഭാഷ സംസാരിച്ചി രുന്നു"[4]). എങ്ങനെയായാലും, പൗലൊസിന്റെ വാക്കുകൾ അതിലുമധികം സംസാരിക്കുന്നു: അവന്റെ കുടുംബാംഗങ്ങൾ യെരുശലേമിൽനിന്നും വളരെ അകലെ ആയിരുന്നുവെങ്കിലും, അവർ എബ്രായ ആചാരങ്ങൾ പാലിച്ചിരുന്നു (പ്രവ. 21:39; 22:3 നോക്കുക). പാലസ്തീനു പുറത്തുള്ള പല യെഹൂദന്മാരും ജാതികളുടെ ആചാരങ്ങൾ പരിശീലിച്ചിരുന്നു, എന്നാൽ പൗലൊസിന്റെ രക്ഷ കർത്താക്കൾ അങ്ങനെ ചെയ്തിരുന്നില്ല.

അവൻ ഒരു "ആധികാരിക" യെഹൂദനായിരുന്നു എന്ന് പൗലൊസിന്റെ പ്രസ്താവനകൾ തെളിയിക്കുന്നു. അപ്പൊസ്തലൻ ("എട്ടാം നാളിൽ പരിഛേ ദന ഏറ്റ്") വർഗീയ ശുദ്ധി വരുത്തിയിരുന്നു, ("യിസ്രായേൽ ജാതിക്കാരനും, ബെന്യാമീൻ ഗോത്രക്കാരനും") എന്ന നിലയിൽ പരിഷ്ക്കാരശുദ്ധിയെയും കാണിക്കുന്ന ("എബ്രായരിൽ എബ്രായൻ").[5]

തന്റെ ആത്മികമായ പൈതൃകത്തെ എടുത്തു കാണിച്ചശേഷം, ക്രിസ്ത്യാ നിയാകുന്നതിനുമുൻപുണ്ടായിരുന്ന തന്റെ ആത്മികമായ നേട്ടങ്ങളെ നി രത്തിയിരിക്കുകയാണ്. ഈ ഭാഗത്തെ ലിസ്റ്റ് ഇങ്ങനെയാണ് തുടങ്ങുന്നത്: **ന്യായപ്രമാണം സംബന്ധിച്ച് പരീശൻ**. യെഹൂദമതത്തിലെ "കർശന വിഭാ ഗത്തിലായിരുന്നു" പൗലൊസ് ഉൾപ്പെട്ടിരുന്നത് (പ്രവൃ. 26:5). പരീശന്മാരുടെ ഏറ്റവും വലിയ ഉപദേഷ്ടാവായിരുന്ന ഗമാലിയേലിന്റെ കാൽക്കീഴിലിരുന്നു പഠിച്ചവനായിരുന്നു (പ്രവൃ. 22:3; 5:34). "മുൻഗാമികളുടെ പാരമ്പര്യം" പ്ര മാണിക്കുന്നതിൽ പൗലൊസ് ശുഷ്ക്കാന്തിയുള്ളവനായിരുന്നു (ഗലാ. 1:14).

പരീശൻ എന്നാൽ ഒരിക്കലും പ്രശംസിക്കുവാനില്ലാത്ത നിഷേധ സ്വഭാ വമുള്ളവരായിട്ടാണ് സുവിശേഷത്തിൽ പരീശന്മാരെ വിവരിച്ചിരിക്കുന്നത്. എങ്ങനെയായാലും, പരീശന്മാരെ യെഹൂദന്മാർ ബഹുമാനിച്ചിരുന്നു. തിരു വെഴുത്തിൽ ആത്മാക്കളെയും, ദൂതന്മാരെയും, പുനരുത്ഥാനത്തെയും കുറിച്ച് പറഞ്ഞിരിക്കുന്നത് പരീശന്മാർ വിശ്വസിച്ചിരുന്നു (പ്രവൃ. 23:8). അവർ ന്യാ യപ്രമാണ നിയമങ്ങളോട് കർശനമായ ബന്ധം പുലർത്തിയിരുന്നു (മത്താ. 23:23 നോക്കുക). താൻ ഒരു പരീശൻ ആയിരുന്നു എന്നു പറഞ്ഞതിൽനി ന്ന് അർത്ഥമാക്കിയത്, അവൻ ഒരു "യെഹൂദന്റെ യെഹൂദൻ" ആയിരുന്നു എന്നാണ്.

**വാക്യം 6**. അടുത്തതായി പൗലൊസ് പറഞ്ഞു, **ശുഷ്ക്കാന്തി സംബന്ധിച്ച് സഭയെ ഉപദ്രവിച്ചവൻ** (പ്രവൃ. 8:1, 3; 9:1, 2 നോക്കുക). "'ഉപദ്രവിക്കുക' (*ഡി യോകോ*) എന്നതിന്റെ ആശയം 'എന്തിനെയെങ്കിലും ഓടുമാറാക്കുക,' 'പി ന്തുടരുക, അല്ലെങ്കിൽ ഓടിക്കുക.' അത് ഒരു സൈന്യം ശത്രുസൈന്യത്തെ തുരത്തി ഓടിക്കയാണ്, അല്ലെങ്കിൽ ഒരു വേട്ടക്കാരൻ വേട്ടമൃഗത്തെ വേട്ടയാ ടുന്ന ചിത്രമാണ് നമ്മുടെ മനസിലേക്ക് വരുന്നത്."[6] താൻ ഒരു പരീശൻ എന്നു പൗലൊസ് പറഞ്ഞത് നേട്ടമാകുന്നതെങ്ങനെയെന്നു മനസിലാകുന്നില്ലെങ്കിൽ, സഭയെ ഉപദ്രവിച്ചവൻ എന്നു പറഞ്ഞത് നേട്ടമാകുന്നതെങ്ങനെയാണെന്ന് മനസിലാക്കുവാൻ നമുക്ക് കൂടുതൽ പ്രയാസം നേരിടും. ക്രിസ്ത്യാനികളെ ഉപദ്രവിച്ചത് അപ്പൊസ്തലന് അഹങ്കരിക്കാവുന്ന ഒന്നായിരിന്നില്ല. മറ്റൊരു

ഭാഗത്ത് അവൻ എഴുതി, "ദൈവസഭയെ ... ഉപദ്രവിച്ചതിനാൽ അപ്പൊസ്തലൻ എന്ന പേരിന്നു യോഗ്യനുമല്ല" (1 കൊ. 15:9). മുമ്പിലത്തെ അവന്റെ അലോസരപ്പെടുത്തുന്ന ജീവിതത്തിലെ അനുഭവങ്ങൾ അവന്റെ മനസിൽ എപ്പോഴും ഉണ്ടായിരുന്നു (പ്രവൃ. 22:4, 5; 26:9–11; ഗലാ. 1:13; 1 തിമൊ. 1:13 നോക്കുക).

എങ്കിലും, പൗലൊസ് തന്റെ *യെഹൂദ* നേട്ടങ്ങളെയായിരുന്നു നിരത്തിയത് എന്നോർക്കുക. ശുഷ്ക്കാന്തി യെഹൂദന്മാർ സമ്മാനാർഹമായിട്ടാണ് കരുതിയിരുന്നത് (പ്രവൃ. 22:3; റോമർ. 10:2 നോക്കുക). പഴയ നിയമത്തിൽ, പുരോഹിതനായിരുന്ന ഫീനെഹാസിന്റെ ശുഷ്ക്കാന്തിയെ അഭിനന്ദിച്ചിരുന്നു (സംഖ്യാ. 25:11–13; കെജെവി). മശിഹയ്ക്ക് ദൈവാലയത്തോടുള്ള എരിവ് പ്രവചിക്കപ്പെട്ടിരുന്നു (സങ്കീ. 69:9; യോഹ. 2:17 നോക്കുക). ക്രിസ്ത്യാനിത്വം യെഹൂദ മതത്തിനെതിരായ മതനിന്ദയാണെന്ന ധാരണയിലായിരുന്നു പൗലൊസ് അതിനെ ഇല്ലാതാക്കുവാൻ ശുഷ്ക്കാന്തി കാണിച്ചത് (പ്രവൃ. 26:9–11). മറ്റു യെഹൂദന്മാരും തങ്ങൾ എരിവുള്ളവരാണെന്ന് *പറഞ്ഞിരിക്കാം*, പക്ഷെ പൗലൊസ് തന്റെ *ശുഷ്ക്കാന്തി* പ്രകടിപ്പിക്കുകയാണ് ചെയ്തത്.

**ന്യായപ്രമാണത്തിലെ നീതി സംബന്ധിച്ച് അനിന്ദ്യൻ** എന്നു കൂടെ പറഞ്ഞാണ് പൗലൊസ് തന്റെ മുമ്പിലത്തെ ആത്മികമായ നേട്ടങ്ങളുടെ ലിസ്റ്റ് അവസാനിപ്പിക്കുന്നത്. "നീതി" എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്നത് (*ഡൈകായിഓസുനേ* എന്ന വാക്കിന്റെ രൂപ ഭേദമാണ്), അടിസ്ഥാന അർത്ഥം, "നീതിമാൻ ആകുവാനുള്ള യോഗ്യത."[7] ആ യോഗ്യത ന്യായ പ്രമാണത്തെ സംബന്ധിച്ചതായിരുന്നു. പൗലൊസ് പറഞ്ഞത് താൻ "അനിന്ദ്യൻ." "ന്യായപ്രമാണം പൂർണ്ണമായും അനുസരിച്ചവൻ യേശു മാത്രമാണ്!" എന്നു പറഞ്ഞ് ചിലർ അതിനെ എതിർത്തേക്കാം. "അനിന്ദ്യൻ" എന്നതുകൊണ്ട് പൗലൊസ് എന്താണ് അർത്ഥമാക്കിയത്?

അത് മനുഷ്യർക്ക് ഉപയോഗിക്കുമ്പോൾ, "പൂർണ്ണൻ," എന്നോ "പാപം ഇല്ലാത്തവൻ" എന്നോ അതിനർത്ഥം ഇല്ല. പൗലൊസ് ഒരിക്കലും പൂർണ്ണതയോ അല്ലെങ്കിൽ പാപരഹിതൻ എന്നോ അവകാശപ്പെട്ടിരുന്നില്ല (3:12; 1 തിമൊ. 1:15 നോക്കുക), മറിച്ച് അതിൽ അന്തർലീനമാക്കിയിരിക്കുന്നത്, "നിലനിൽക്കുന്ന കുറ്റം ആരോപിക്കുവാനില്ലാത്തവൻ" എന്നാണ്. ന്യായപ്രമാണം ബാഹ്യമായി ആവശ്യപ്പെടുന്നതിനെയാണ് പൗലൊസ് പറയുന്നത്–മറ്റുള്ളവർക്ക് കാണുവാൻ കഴിയുന്നത്. താൻ പ്രമാണിക്കുവാൻ വിട്ടുപോയ ഏതെങ്കിലും ന്യായപ്രമാണ ചടങ്ങുകൾ പറയുവാൻ പൗലൊസ് അവരെ വെല്ലുവിളിക്കുകയായിരുന്നു. അവന് മറ്റൊരു വാക്ക് ഉപയോഗിക്കുവാൻ കഴിയുമായിരുന്നു: "ഇവ ഒക്കെയും ഞാൻ ബാല്യം മുതൽ അനുസരിച്ചുപോരുന്നു" (ലൂക്കൊ. 18:21).

ഒരു യെഹൂദൻ എന്ന നിലയിൽ പൗലൊസിന്റെ ആത്മികമായ നേട്ടങ്ങൾ ഉയർന്നതായിരുന്നു. അവൻ ഗലാത്യരോട് പറഞ്ഞു, "യെഹൂദമതത്തിലെ എന്റെ മുമ്പത്തെ നടപ്പ് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാൻ ദൈവത്തിന്റെ സഭയെ അത്യന്തം ഉപദ്രവിച്ചു ... യെഹൂദ മതത്തിൽ എന്റെ സമപ്രായക്കാരെക്കാൾ അധികം മുതിരുകയും ചെയ്തു" (ഗലാ. 1:13, 14). ഒരു നേതാവായി കാണപ്പെട്ട് ബഹുമാനിക്കപ്പെട്ടവനായിരുന്നു അവൻ എന്ന് അവന്റെ ജീവിതം പറയുന്നു (പ്രവൃ. 7:58; 8:1; 9:1, 2; 22:5; 26:10 നോക്കുക).

**വാക്യം 7. എങ്കിലും, എനിക്ക് ലാഭമായിരുന്നത് ഒക്കെയും ക്രിസ്തു നിമിത്തം ഞാൻ ചേതം എന്ന് എണ്ണിയിരിക്കുന്നു.** ടിഇൗവി യിൽ "എന്നാൽ അന്നു

*ലാഭം* ആയി കണ്ടിരുന്നതെല്ലാം, ഇപ്പോൾ ക്രിസ്തു നിമിത്തം *നഷ്ടം* ആയി കാണുന്നു" (എംഫസിസ് ആഡഡ്).

പൗലൊസിന് തന്റെ യെഹൂദ ജീവിതം പ്രാധാന്യമുള്ളതായിരുന്നോ? അതിനെ കുറിച്ച് പൗലൊസ് ഉപസംഹരിച്ചത് "ലാഭം" ആയിരുന്നത് എന്നാണ്. ടിഇൗവിയിലെ പദ പ്രയോഗം എടുത്താൽ, കഴിഞ്ഞ കാലത്ത് അവൻ തന്റെ പൈതൃകത്തെ ആത്മികമായ "ലാഭം" ആയി ഗണിച്ചിരുന്നു. എങ്ങനെയായാലും, പൗലൊസ് തന്റെ യെഹൂദ പൈതൃകത്തെ രക്ഷക്കായി ആശ്രയിച്ചില്ല.

ഒരിക്കൽ പൗലൊസ്, തന്റെ ആത്മിയ നേട്ടങ്ങളെയെല്ലാം "ലാഭം" എന്നു കണ്ടിരുന്നു–എന്നാൽ അവന്റെ കാഴ്ച്ചപ്പാട് മാറി. "ന്യായപ്രമാണ പ്രവൃത്തികളാൽ ഒരു ജഡവും [ദൈവ] സന്നിധിയിൽ നീതീകരിക്കപ്പെടുകയില്ല" എന്ന് അവൻ മനസിലാക്കി (റോമർ 3:20; ഗലാ. 5:4 നോക്കുക). വീണ്ടെടുപ്പ് ക്രിസ്തുവിൽ മാത്രമാണുള്ളത് (റോമർ 3:24 നോക്കുക). നാം "വിശ്വാസത്താലാണ് നീതീകരിക്കപ്പെടുന്നത്" (ഗലാ. 3:24). അതിനാൽ പൗലൊസ് തന്റെ മുമ്പിലത്തെ ആത്മികമായ നേട്ടങ്ങളുടെ കാഴ്ച്ചപ്പാട് മാറ്റി. അവ "ലാഭം" എന്നതിനു പകരം ഇപ്പോൾ "നഷ്ടം" ആയിട്ടാണ് കാണുന്നത്.

മുൻകാലങ്ങളിൽ അവൻ നേടിയതും അവകാശമാക്കിയതുമാണ് "ഒക്കെയും" എന്നു പറഞ്ഞിരിക്കുന്നത് അർത്ഥമാക്കുന്നത്. "മലയോളം ഉയർന്ന ആത്മിക നേട്ടങ്ങളുടെ കൂമ്പാരത്തെ ഒറ്റയടിക്ക് തട്ടിത്തെറിപ്പിച്ച് നശിപ്പിക്കുകയായി [രുന്നു]."[8] അവയെല്ലാം അവൻ "ക്രിസ്തു നിമിത്തം ചേതം എന്നു എണ്ണി."

"ഞാൻ എണ്ണി" എന്ന പ്രയോഗം ഗ്രീക്കിൽ പൂർണ്ണകാലമായിട്ടാണ് ഉപയോഗിച്ചിരിക്കുന്നത്, ഒരു നിയമമായി, പൂർണ്ണകാലം സൂചിപ്പിക്കുന്നത് ഭൂതകാല സംഭവം ഭാവിയിലേക്ക് തുടരുന്നതായി കാണിക്കുകയാണ്. ദമസ്ക്കൊസിലേക്കുള്ള മാർഗമദ്ധ്യെ കർത്താവ് അവനു പ്രത്യക്ഷമായ ശേഷം അവന്റെ ജീവിതത്തിൽ പെട്ടെന്ന് ഉണ്ടായ മാറ്റമാണ് പൗലൊസിന്റെ മനസിൽ ഉണ്ടായിരുന്നത് (പ്രവൃ. 9:1–19; 22:4–16; 26:9–18). പ്രകാശം അവന്റെ കണ്ണിന്റെ കാഴ്ച്ച മങ്ങിയെങ്കിലും അവന്റെ മനസിലാക്കൽ പ്രകാശിതമായി. അവന്റെ ജീവിതം കീഴ്മേൽ മറിഞ്ഞു! "ഇരുട്ട്" വെളിച്ചമായി തീർന്നു; "ദുഷ്ടത" നന്മയായി തീർന്നു. "തെറ്റ്" സത്യമായി മാറി!

## ക്രിസ്തു ഒഴിച്ച് മറ്റെന്തിൽ ആശ്രയിച്ചാലും=നഷ്ടം
## (3:8)

**[8]ഞാൻ ക്രിസ്തുവിനെ നേടേണ്ടതിന്നും ന്യായപ്രമാണത്തിൽനിന്നുള്ള എന്റെ സ്വന്ത നീതിയല്ല ക്രിസ്തുവിങ്കലുള്ള വിശ്വാസം മൂലം ദൈവം വിശ്വസിക്കുന്നവർക്ക് നൽകുന്ന നീതി ലഭിച്ചു അവനിൽ ഇരിക്കേണ്ടതിന്നും എല്ലാം ഉപേക്ഷിച്ച് ചവർ എന്നെണ്ണുന്നു.**

**വാക്യം 8.** അവൻ ക്രിസ്തുവിനെ ആദ്യം കണ്ടുമുട്ടിയതോടുകൂടി പൗലൊസ് തന്റെ ലാഭനഷ്ട കണക്കുകളെ പുനരവലോകനം നടത്തുന്നത് അവസാനിപ്പിക്കുന്നില്ല. അവൻ തുടർന്നു, **എന്റെ കർത്താവായ ക്രിസ്തുയേശുവിനെ കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത നിമിത്തം ഇപ്പോഴും**

**എല്ലാം ചവറ് എന്നെണ്ണുന്നു**. ഈ വാക്യത്തിൽ അപ്പൊസ്തലൻ ഗ്രീക്കിൽ വർത്തമാനകാലമാണ് ഉപയോഗിച്ചിരിക്കുന്നത്, അത് അപ്പോഴും തുടരുന്ന പ്രവൃത്തിയായിട്ടാണ് സൂചിപ്പിച്ചിരിക്കുന്നത്. അത്തരം കാര്യങ്ങളെ നഷ്ടമായി കാണുന്നത് പരിവർത്തനസമയത്ത് മാത്രം എടുത്ത ഒരു തീരുമാനമായിരുന്നില്ല. യേശുവുമായി താരതമ്മ്യം ചെയ്യുമ്പോൾ, പൗലൊസിനു മറ്റൊന്നും വിലയുള്ളതായിരുന്നില്ല. "ക്രിസ്തുയേശുവിന്റെ പരിജ്ഞാനം നിമിത്തം അവനെ അറിയേണ്ടതിന്നു എന്തും ഏതും ഉപേക്ഷിക്കുവാൻ" അവൻ തയ്യാറായി.

പൗലൊസ് തുടരുന്നു, **ഞാൻ ക്രിസ്തുവിനെ നേടേണ്ടതിനാണ് എല്ലാം ചേതം എന്നെണ്ണിയത്**. യെഹൂദ അധികാരശ്രേണിയിലെ അവന്റെ സ്ഥാനം അവൻ നഷ്ടമാക്കി. തദ്ദേശിയരായ പൗരന്മാർക്കൊപ്പം നിൽക്കുവാനുള്ള അവസരവും അവൻ നഷ്ടമാക്കി. അവന്റെ സ്നേഹിതന്മാരെല്ലാം അവന്നു മുഖം തിരിച്ചുകളഞ്ഞു. അവന്റെ കുടുംബത്തിൽനിന്നു പോലും അവൻ ഒറ്റപ്പെട്ടു. ഒരു രാത്രി കഴിഞ്ഞപ്പോൾ തന്നെ സ്നേഹിച്ചിരുന്നവരെല്ലാം അവനെ ഏറ്റവും പകെക്കുവാൻ തുടങ്ങി. അവസാനം അവൻ തന്റെ ജീവൻ പോലും നഷ്ടമാക്കി. യേശുവിനു വേണ്ടിയായിരുന്നു അവൻ അവയെല്ലാം നഷ്ടമാക്കിയത്.

ഒരു യെഹൂദ മതവിശ്വാസിയെ ഞെട്ടിക്കുന്നതാണ് പൗലൊസിന്റെ അടുത്ത വാക്കുകൾ. എല്ലാറ്റിനെ കുറിച്ചും ചർച്ച ചെയ്തശേഷം, അവൻ പറഞ്ഞു, **ക്രിസ്തുവിനെ നേടേണ്ടതിന്നു അവയെല്ലാം ചവർ എന്ന് എണ്ണുന്നു.** "ചവർ" എന്നതിന്റെ ഗ്രീക്ക് വാക്ക് (*സ്കുഹാലോൺ*) തർജിമ ചെയ്യുവാൻ പ്രയാസമാണ്. അതിന് നായ്ക്കൾക്ക് എറിഞ്ഞുകൊടുക്കുന്ന ഉഛിഷ്ടങ്ങൾ, ദുർഗന്ധം വമിക്കുന്ന പാഴ് വസ്തുക്കൾ, അല്ലെങ്കിൽ മനുഷ്യരുടേയും മൃഗങ്ങളുടേയും പാഴ്വസ്തുക്കൾ എന്നും പറയാം (കെജെവി നോക്കുക). ഇംഗ്ലീഷിലെ "ഫിൽത്ത്" എന്നത് ഗ്രീക്ക് വാക്കിനോട് അടുത്ത് നിൽക്കുന്ന ഒന്നാണ്. ആ വാക്ക് എങ്ങനെ തർജിമ ചെയ്താലും, അത് അറപ്പുളവാക്കുന്ന വാക്കാണ്.

തന്റെ മുൻകാല ജീവിതത്തെ കുറിച്ച് പൗലൊസ് ഓർത്തപ്പോൾ (അല്ലെങ്കിൽ അവനെ ക്രിസ്തുവിൽനിന്നു വ്യതിചലിപ്പിക്കുന്ന എന്തായാലും), അവ വിലയില്ലാത്തതെന്നു മാത്രമല്ല കരുതിയത്, അവ അവന് ഒരു ബാധ്യതയായിരുന്നു. മറ്റൊരു വാക്കിൽ പറഞ്ഞാൽ, അവ വിലയില്ലാത്തവ മാത്രമായിരുന്നില്ല, അവ അവനെ നിന്ദിക്കുന്നതും അവനു അറപ്പുളവാക്കുന്നവയുമായിരുന്നു.

## ക്രിസ്തുവിൽ ആശ്രയിക്കുന്നത്=ലാഭം
## (3:9, 10)

**[9]ഞാൻ ക്രിസ്തുവിനെ നേടേണ്ടതിന്നും ന്യായപ്രമാണത്തിൽനിന്നുള്ള എന്റെ സ്വന്ത നീതിയല്ല, ക്രിസ്തുവിങ്കലുള്ള എന്റെ വിശ്വാസം മൂലം ദൈവം വിശ്വസിക്കുന്നവർക്ക് നൽകുന്ന നീതി തന്നെ ലഭിച്ചു [10]അവനിൽ ഇരിക്കേണ്ടതിന്നും.**

**വാക്യം 9**. ക്രിസ്തുവിനെ വെറുതെ "അറിയുവാൻ" ആയിരുന്നില്ല പൗലൊസ് ആഗ്രഹിച്ചത്; അവൻ **അവനിൽ ആകുവാനും** ആഗ്രഹിച്ചിരുന്നു. ക്രിസ്തുവിനെ തന്റെ "സ്ഥിരമേൽവിലാസം" ആക്കുവാൻ അവൻ ആഗ്രഹിച്ചു. അവന്റെ സ്വഭാവം, പ്രവൃത്തി, കൂട്ടായ്മ, ക്രിസ്തുവിന്റെ സാന്നിധ്യം പൗലൊസിൽ ഉണ്ടാകുവാനായിരുന്നു അവൻ ആഗ്രഹിച്ചത്.[9]

പൗലൊസിനു ആ ലക്ഷ്യങ്ങൾ സ്വപ്രയത്നത്താൽ നേടുവാൻ കഴിയുമായിരുന്നോ? ഇല്ല. അവൻ തുടർന്നു, ക്രിസ്തുവിനെ നേടേണ്ടതിന്നു എന്റെ സ്വന്ത നീതിയല്ല, **ക്രിസ്തുയേശുവിലുള്ള വിശ്വാസം മൂലം ദൈവം വിശ്വസിക്കുന്നവർക്ക് നൽകുന്ന നീതി തന്നെ ലഭിച്ചു**."നീതി" എന്ന വാക്ക് ഈ വാക്യത്തിൽ രണ്ട് പ്രാവശ്യം കാണാം. "ദൈവസന്നിധിയിൽ നീതിയായി കണക്കിട്ടു" എന്നാണ് അതു സൂചിപ്പിക്കുന്നത്.

ന്യായപ്രമാണത്തിൽനിന്നുള്ള നീതിയല്ല എന്നു പൗലൊസ് പറഞ്ഞപ്പോൾ, അർത്ഥമാക്കിയത് മോശെയുടെ ന്യായപ്രമാണമാണ്. അവൻ ഗലാത്യർ 2:16 ൽ പറഞ്ഞതുപോലെ, "ന്യായപ്രമാണത്തിന്റെ പ്രവൃത്തിയാൽ ... ഒരു ജഡവും നീതികരിക്കപ്പെടുകയില്ല." ന്യായപ്രമാണത്തിലെ പരിഛേദനയോ മറ്റു പ്രവർത്തികളോ നീതീകരണം വരുത്തുന്നില്ല.

**വാക്യം 10**. വാക്യം 8 ൽ പൗലൊസ് പറഞ്ഞു, "ക്രിസ്തുയേശുവിനെ കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത നിമിത്തം ഞാൻ ഇപ്പോഴും എല്ലാം ചേതം എന്നെണ്ണുന്നു." "അറിയുക" എന്നതിനാണ് ഊന്നൽ. വാക്യം 10 ൽ ക്രിസ്തുവിനെ ആവർത്തിച്ച് വിപുലമാക്കിയിരിക്കുന്നു: **അവനെ അറിയേണ്ടതിന്ന്**. കർത്താവിന്റെ കഷ്ടാനുഭവത്തോടുള്ള കൂട്ടായ്മയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയുമടക്കം എല്ലാം അറിയുവാനാണ് പൗലൊസ് ആഗ്രഹിച്ചത്.

എങ്ങനെയായാലും, ക്രിസ്തുവിനെ "അറിയുക" എന്നു പറഞ്ഞതിനാൽ ക്രിസ്തുവിനെ കുറിച്ച് കൂടുതലായി പഠിക്കുവാൻ മാത്രമായിരുന്നില്ല പൗലൊസ് ഉദ്ദേശിച്ചത്–അത് വളരെ പ്രാധാന്യമുള്ളതു തന്നെയാണ് (റോമർ 10:17). "അറിയുക" എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്നത് (*ജിനോസ്കോ* യുടെ മറ്റൊരു വകഭേദമാണ്), ഒരു ബന്ധമുള്ള വാക്കായിട്ടാണ് ഉപയോഗിച്ചിരിക്കുന്നത്. "[പുതിയ നിയമത്തിൽ] *ജിനോസ്കോ* അടിക്കടി ഉപയോഗിച്ചിരിക്കുന്നത്, ഒരു വ്യക്തി അറിയുന്നതും അറിയപ്പെട്ട വസ്തുവും തമ്മിലുള്ള ബന്ധത്തെ എടുത്തു കാണിക്കുവാനാണ്."[10] കർത്താവുമായി ഏറ്റവും അടുത്ത ബന്ധം പുലർത്തുവാനായിരുന്നു പൗലൊസ് ആഗ്രഹിച്ചത്.

ഈ ജീവിതത്തിൽ യേശുവിനെ മുഴുവനായും "അറിയുക" എളുപ്പമല്ല. അതുകൊണ്ടാണ് പൗലൊസ് നമ്മുടെ ശ്രദ്ധയെ "മരിച്ചവരിൽനിന്നുള്ള ഉയർത്തെഴുന്നേൽപിലേക്ക്" തിരിക്കുന്നത് (3:10). ഒന്നു യോഹന്നാൻ 3:2 പറയുന്നു, "... അവൻ പ്രത്യക്ഷനാകുമ്പോൾ ... നാം അവനെ താൻ ഇരിക്കുമ്പോലെ തന്നെ കാണുന്നതാകകൊണ്ട്, അവനോട് സദൃശന്മാർ ആകും എന്നു നാം അറിയുന്നു."

## പ്രായോഗികത

### ലാഭവും നഷ്ടവും (3:1–11)

ലാഭ–നഷ്ട വിഷയത്തെ കൈകാര്യം ചെയ്യുകയാണ് വാക്യങ്ങൾ 1 മുതൽ 11 വരെ. "ക്രിസ്തുവിൽ ആശ്രയിക്കുന്നത്"=ലാഭം. "ന്യായപ്രമാണത്തിൽ ആശ്രയിക്കുന്നത്"=നഷ്ടം. വേദഭാഗത്തിനു യോജിച്ച ബാഹ്യരൂപരേഖ ഇതാ: "വ്രണപ്പെടുത്തുന്ന ആക്ഷേപം" (വാ. 1–3); "താരതമ്യം അന്വേഷിക്കൽ" (വാ. 4–6); "ഗൗരവമായ ഒരു അവലോകനം" (വാ. 7–11).

**പൈതൃകം (3:4–7)**

തങ്ങൾ അവകാശമാക്കിയതിന്റെ അടിസ്ഥാനത്തിൽ രക്ഷിക്കപ്പെടും എന്ന് വിചാരിക്കുവാൻ തക്ക കെണിയിൽ അകപ്പെട്ടിരിക്കുകയാണ് ചിലർ: "എന്റെ അമ്മയപ്പന്മാർ (അല്ലെങ്കിൽ വെല്യപ്പനും വെല്ല്യമ്മയും) അവരുടെ മതപരമായ കൂട്ടത്തിൽ സമർപ്പിതരായിരുന്നു." അവരുടെ മുൻഗാമികൾ ചെയ്തതിന്റെ "ബഹുമതിയാണ്" ആത്മിയമായി "വിവരിക്കുന്നത്."

എന്റെ ആത്മികപൈതൃകത്തിനു ഞാൻ നന്ദിയുള്ളവനാണ്. എന്റെ വെല്യപ്പന്റെ വെല്യപ്പൻ ജോൺ വൈറ്റ്മൈർ ടെക്സസിലുള്ള ജോൺസൺ എന്ന പ്രദേശത്തെ അറിയപ്പെട്ട പ്രാസംഗികനായിരുന്നു. എന്റെ വെല്യപ്പൻ അർക്കൻസാസിലെ ഡാക്കസിലും, ടെക്സസിലും, ഒരു ഇന്ത്യൻ പ്രദേശത്തും സുവിശേഷ പ്രാസംഗികനായിരുന്നു. "എന്നെ ബാല്യം മുതൽ ... വിശുദ്ധ തിരുവെഴുത്തുകളെ" പഠിപ്പിച്ച എന്റെ മാതാപിതാക്കളോട് എനിക്ക് അതീവമായ നന്ദിയുണ്ട് (2 തിമൊ. 3:15 നോക്കുക). അത്തരം പൈതൃകം എന്റെ രക്ഷ ഉറപ്പു നൽകുന്നുണ്ടോ? ഇല്ല. എന്റെ പൈതൃകത്തിൽ എനിക്ക് പ്രശംസിക്കുവാനുണ്ടോ? ഇല്ല. "... എനിക്ക് കർത്താവായ ക്രൂശിൽ അല്ലാതെ പ്രശംസിപ്പാൻ ഇട വരരുത്" (ഗലാ. 6:14)!

**രക്ഷ നേടിയെടുക്കാവുന്നതല്ല (3:7)**

നേട്ടങ്ങൾക്ക് പ്രതിഫലം ലഭിക്കുന്ന ലോകത്തിലാണ് നാം ജീവിക്കുന്നത്. ട്രോഫികൾ, അവാർഡുകൾ, യോഗ്യതാ സർട്ടിഫിക്കറ്റുകൾ, ഡിപ്ലോമ, ജോലിക്കയറ്റം തുടങ്ങിയവയാണ് ഉള്ളത്. അവയിൽ മിക്കവയും വ്യക്തിപരമായ നേട്ടങ്ങൾക്കുള്ളതാണ്. നാം അനുമോദിക്കയും ചിലപ്പോൾ നമ്മുടെ പ്രത്യക്ഷമായ നേട്ടങ്ങളായി അവയെ കാണുകയും ചെയ്തേക്കാം. മതപരമായ കാര്യത്തിലേക്ക് വരുമ്പോൾ, നാം ചെയ്ത പ്രവൃത്തികളാണ് നാം രക്ഷിക്കപ്പെടുമോ അഥവാ നഷ്ടപ്പെടുമോ എന്നു നിർണ്ണയിക്കുന്നത് എന്നു ചിന്തിക്കുവാൻ സാധ്യതയുണ്ട്. രക്ഷ എന്നു പറയുന്നത് "വിശ്വാസത്താലാണ്," അല്ലാതെ "പ്രവൃത്തികളാലല്ല" എന്ന് ചിലർ പഠിപ്പിക്കുന്നുണ്ട്. സ്നാനത്തെ കുറിച്ചുള്ള ചർച്ചകളിലധികവും കേട്ടിട്ടുള്ള എതിർപ്പ് ഇതാണ്: "നിങ്ങൾ പറയുന്നത് എന്റെ വെല്യപ്പൻ രക്ഷിക്കപ്പെട്ടില്ല എന്നാണോ നിങ്ങൾ പറയുന്നത്? അദ്ദേഹം സ്നാനപ്പെട്ടിരുന്നില്ല, പക്ഷെ എനിക്ക് അറിയാവുന്നവരിൽ ഏറ്റവും നല്ല മനുഷ്യനായിരുന്നു അദ്ദേഹം!" ഒരു നല്ല മനുഷ്യൻ എന്ന നേട്ടത്തിൽ അദ്ദേഹം രക്ഷിക്കപ്പെടുമെന്ന വിശ്വാസത്തിലാണ് ഏതാനും പേർ. അതുകൊണ്ട്, "രക്ഷക്ക് വിശ്വാസം മാത്രം മതി" എന്നു പറയുന്നവർ അവരുടെ പൂർവ്വികന്മാർ ചെയ്ത പ്രവൃത്തികളാൽ രക്ഷിക്കപ്പെടും എന്നു പറയുന്നത് തന്നെ വിരോധാഭാസമാണ്.

വ്യക്തിപരമായ നേട്ടങ്ങളെ ഞാൻ മുന്നറിയിക്കുമ്പോൾ, നമുക്ക് ചെയ്യുവാൻ കഴിയുന്നത് കർത്താവിനു വേണ്ടി ചെയ്യേണ്ട എന്നാണോ ഞാൻ പറഞ്ഞത്? അല്ല. ആത്മിയ നേട്ടം നല്ലതാണ്. നമ്മുടെ വീണ്ടെടുപ്പിന് നമുക്ക് നമ്മുടെ ആത്മിയ നേട്ടങ്ങളിൽ ആശ്രയിക്കാവുന്നതല്ല എന്നാണ് *ഞാൻ* പറഞ്ഞത്. രക്ഷക്ക് മതിയായ പ്രവൃത്തികൾ ചെയ്യുവാൻ ആർക്കും സാധ്യമല്ല. യേശു പറഞ്ഞു, "... നിങ്ങളോട് കൽപിച്ചത് ഒക്കെയും ചെയ്തശേഷം, ഞങ്ങൾ പ്രയോജനം ഇല്ലാത്ത ദാസന്മാർ; ചെയ്യേണ്ടതേ ചെയ്തിട്ടുള്ള എന്നു നിങ്ങളും പറവിൻ" (ലൂക്കൊ. 17:10). കൂടാതെ, വ്യക്തിപരമായ നേട്ടങ്ങളിൽ

ആശ്രയിച്ചാൽ, അത് ക്രിസ്തുവിന്റെ മരണത്തെ ദുർബ്ബലപ്പെടുത്തുന്നതായി വരും (പ്രവൃ. 10:34), രണ്ട് പേർക്ക് കഴിഞ്ഞാൽ, നൂറുപേർക്ക് കഴിയും. നൂറു പേർക്ക് കഴിഞ്ഞാൽ, എല്ലാവർക്കും കഴിയും–അങ്ങനെയാണെങ്കിൽ യേശുവിന് ക്രൂശിൽ ദാരുണമായി മരിക്കേണ്ട ആവശ്യമില്ലായിരുന്നു. എന്തൊരു ദൈവദൂഷണ ചിന്ത!

നമുക്ക് എല്ലാവർക്കും ചെയ്യാവുന്നേടത്തോളം യജമാനന്റെ വേല നാം ചെയ്യണം. പൗലൊസ് എഴുതി, "ആകയാൽ എന്റെ പ്രിയ സഹോദരന്മാരേ, നിങ്ങൾ ഉറപ്പുള്ളവരും കുലുങ്ങാത്തവരും നിങ്ങളുടെ പ്രയത്നം കർത്താവിൽ വ്യർത്ഥമല്ല എന്നു അറിഞ്ഞിരിക്കയാൽ കർത്താവിന്റെ വേലയിൽ എപ്പോഴും വർദ്ധിച്ചുവരുന്നവരും ആകുവിൻ" (1 കൊ. 15:58). എങ്ങനെയായാലും, നമ്മുടെ നേട്ടത്തെയോ, കടത്തെയോ ദൈവത്തിന്റെ സ്ഥാനത്ത് നാം ഒരിക്കലും കാണരുത്–കർത്താവിന്റെ കരുണയിലും കൃപയിലും നാം ആശ്രയിക്കുവാൻ ശീലിക്കണം.

**എന്താണ് കാര്യമായത്? (3:7, 8)**

നമുക്ക് എന്താണ് പ്രാധാന്യമുള്ളത്? പൗലൊസിനു പ്രാധാന്യമുള്ളത് തീർച്ചയുള്ള കാര്യമായിരുന്നു: യേശുവും യേശു മാത്രവും. ലാഭവും നഷ്ടവും സംബന്ധിച്ച്, കർത്താവ് ഒഴിച്ച് ബാക്കി എല്ലാം പൗലൊസ് "നഷ്ടം" ആയിട്ടായിരുന്നു കണ്ടത്. അവന്റെ ഏക "നേട്ടം" (ലാഭം) കർത്താവിനെ അറിയുക എന്നതായിരുന്നു. നമ്മുടെ ഹൃദയത്തിലേക്ക് നോക്കി, കർത്താവിന്നും നമുക്കും ഇടയിൽ, തടസം ആയി നിൽക്കുന്നു എങ്കിൽ–പൗലൊസ് ചെയ്തതുപോലെ, –ക്രിസ്തുവിനെ നേടുവാൻ അതിനെ "ചവർ" എന്നെണ്ണുക.

---

കുറിപ്പുകൾ

[1]പി ബോണാർഡ്; ക്വോട്ടഡ് റാൽഫ് പി. മാർട്ടിൻ, *ദ എപ്പിസ്റ്റിൽ ഓഫ് പോൾ ടു ദ ഫിലിപ്പിയൻസ്*, റെവ. എഡി., ടിൻഡേൽ ന്യു ടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1987), 144. [2]ജെ. ഏ. ബെഞ്ചൽ, ക്വോട്ടഡ് ഇൻ മാർട്ടിൻ, 145. [3]ജെറാൾഡ് എഫ്. ഹാവ്ത്രോൺ, *ഫിലിപ്പിയൻസ്*, വേർഡ് ബിബിളിക്കൽ കമെന്ററി, വാല്യം. 43 (വാക്കോ, ടെക്സ്.: വേർഡ് ബുക്സ്, 1983), 132–33. [4]പാറ്റ് എഡ്വിൻ ഹാരെൽ, *ദ ലെറ്റർ ഓഫ് പോൾ ടു ദ ഫിലിപ്പിയൻസ്*, ദ ലിവിങ് വേർഡ് കമെന്ററി (ആസ്റ്റിൻ, ടെക്സ്.: ആർ. ബി. സ്വീറ്റ് കമ്പനി., 1969), 117. [5]ഇബിഡ്. [6]ഹാവ്ത്രോൺ, 134. [7]ഡബ്ലിയു. ഈ. വൈൻ, ദ എക്സ്പാന്റഡ് വൈൻസ് എക്സ്പോസിറ്ററി ഡിക്ഷ്ണറി ഓഫ് ന്യൂ ടെസ്റ്റമെന്റ് വേർഡ്സ്, എഡി. ജോൺ ആർ. കോഹ്ലെൻബെർജർ III (മിന്നപ്പൊലിസ്: ബെഥനി ഹൗസ് പബ്ലിഷേഴ്സ്, 1984), 970. [8]ആവൻ മലോൺ, *പ്രെസ് ടു ദ പ്രൈസ്, സ്റ്റഡീസ് ഇൻ ഫിലിപ്പിയൻസ്* (നാഷ്വിലേ.: 20ത് സെഞ്ചുറി ക്രിസ്റ്റ്യൻ, 1991), 78. [9]വിൽബർ ഫീൽഡ്സ്, *ഫിലിപ്പിയൻസ്, കൊലൊഷ്യൻസ്, ഫിലെമോൻ,* ബൈബിൾ സ്റ്റഡി ടെക്സ്റ്റ് ബുക്ക് സീരീസ് (ജോപ്ലിൻ, മോ.: കോളേജ് പ്രസ്, 1969), 79. [10]വൈൻ, 628.